പാഠം – 1

# ആവർത്തനപുസ്തകത്തിന് മുഖവുര

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: യെശ. 14:12–14; യെഹെ. 28:12–17; ഉല്പത്തി 3:1–7; 12:1–3; അ.പ്ര. 7:20–36; പുറ. 19:4–8.**

**മനഃപാഠവാക്യം: "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹംതന്നെ" (1 യോഹ. 4:8).**

ആവർത്തനപുസ്തകം തീർച്ചയായും ഒരു ശൂന്യതയിൽനിന്ന് ഉയർന്നുവന്നതല്ല. ജീവിതത്തിൽ മറ്റെല്ലാറ്റിനെയുംപോലെ, ആവർത്തനം ഒരു പശ്ചാത്തലത്തിൽനിന്നും നിലകൊള്ളുന്നു; ജീവിതത്തിൽ മറ്റെല്ലാറ്റിനെയുംപോലെ, ഈ പുസ്തകം എന്ത് അർത്ഥമാക്കുന്നു എന്നും അതിന്റെ ഉദ്ദേശ്യം എന്താകുന്നു എന്നും മനസ്സിലാക്കുന്നതിൽ ഈ പശ്ചാത്തലം ഒരു പ്രധാനപങ്കുവഹിക്കുന്നു.

സാഹചര്യങ്ങൾ വിശദീകരിക്കുന്ന ഒരു ചരിത്രം ആ പുസ്തകത്തിന്റേതു മാത്രമല്ല എന്നാൽ ലോകത്തിന്റേതും അതിന്റെ പശ്ചാത്തലത്തെ സൃഷ്ടിച്ച പരിസ്ഥിതിയുടെതും എന്നിങ്ങനെ ധാരാളം ചരിത്രം അതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. ഒരു കാറിന്റെ പശ്ചാത്തലം കൂടാതെ കാറിന്റെ മുൻഭാഗത്തുള്ള ഗ്ലാസ്സിന്റെ പൊടിപടലം മാറ്റുവാനുള്ള സംവിധാനത്തിന്റെ ഉദ്ദേശത്തെയും പ്രവർത്തനത്തെയും മനസ്സിലാക്കുവാൻ പ്രയാസപ്പെടുന്നതുപോലെ, ആവർത്തനപുസ്തകം മനസ്സിലാക്കുന്നത്, പ്രത്യേകിച്ച് അത് ഉടലെടുത്ത പശ്ചാത്തലത്തിനു പുറത്തു നിന്നുകൊണ്ട്, നമ്മുടെ വിഷയം (ആവർത്തനവും ഏതൽക്കാല സത്യവും) മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് പ്രയാസമായിരിക്കും.

ലിയോ ടോൾസ്റ്റോയിയുടെ ഏതാണ്ട് 1500 പേജുള്ള "യുദ്ധവും സമാധാനവും" (war and peace) എന്ന പുസ്തകം വെറും മൂന്നു ദിവസംകൊണ്ട് ഒരാൾ റഷ്യൻ ഭാഷയിൽ വായിച്ചു. ആ പുസ്തകത്തിന്റെ ഉള്ളടക്കമെന്താണെന്നു ചോദിച്ചപ്പോൾ "ഇത് റഷ്യയെക്കുറിച്ചാണ്" എന്ന് അയാൾ മറുപടി പറഞ്ഞു.

ആവർത്തനപുസ്തകത്തിൽ എത്തുന്നതിനുമുമ്പ് ആയിരക്കണക്കിനു വർഷത്തെ ചരിത്രം ഒരാഴ്ചത്തെ പാഠത്തിൽ ഉൾപ്പെടുത്തുന്നത് ഏതാണ്ട് ഇതുപോലെയാണ്. എന്നാൽ പ്രമുഖമായിരിക്കുന്നവയിൽ കേന്ദ്രീകരിക്കുന്നതിലൂടെ, "ഏതൽക്കാല സത്യം"കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ പുസ്തകം നല്ലവിധം മനസ്സിലാക്കുന്നതിന് ആവശ്യമായ പശ്ചാത്തലം നമുക്കു കാണുവാൻ കഴിയും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 2 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## സ്നേഹിക്കുക, സ്നേഹിക്കപ്പെടുക

"ദൈവം സ്നേഹംതന്നെ" എന്ന് 1 യോഹ. 4:8 പറയുന്നു. ഈ മൂന്നു വാക്കുകളും എത്ര ലളിതമാണെങ്കിലും അവയുടെ ധ്വനി നമുക്കു കഷ്ടിച്ചുമാത്രം ഗ്രഹിക്കുവാൻ കഴിയുംവിധം അതിന്റെ പിന്നിലെ ആശയം അത്ര ആഴമേറിയതും ഗഹനവുമാണ്. ദൈവം സ്നേഹിക്കുന്നെന്നോ അല്ലെങ്കിൽ ദൈവം സ്നേഹം വെളിപ്പെടുത്തുന്നെന്നോ അല്ലെങ്കിൽ ദൈവം സ്നേഹത്തിന്റെ ഒരു പ്രകടനമാണെന്നോ അല്ല അവ പറയുന്നത്. എന്നാൽ ദൈവം സ്നേഹംതന്നെ എന്നാണു പറയുന്നത്. സ്നേഹം തന്നെ എന്നത് ദൈവത്തിന്റെ അനന്യതയുടെ അന്തഃസത്തയാണ് സ്നേഹം എന്നതുപോലെയാണ്. വീഴ്ചഭവിച്ച മനുഷ്യരെന്നനിലയിൽ നമ്മുടെ തലയിൽ ഏതാനും ചില പൗണ്ടുമാത്രം ഭാരമുള്ള കോശങ്ങളോടും രാസവസ്തുക്കളോടുമുള്ള തല കൊണ്ട് നാം യാഥാർത്ഥ്യത്തെ ഗ്രഹിക്കുന്നു. ദൈവംതന്നെ എന്നാലെ എന്താണെന്നു പൂർണ്ണമായി മനസ്സിലാക്കുവാനുള്ള കഴിവ് നമുക്കില്ല.

എന്നാൽ തീർച്ചയായും ഇതു വളരെ നല്ല വാർത്തയാണ് എന്നു നമുക്കു വേണ്ടുവോളം മനസ്സിലാക്കുവാൻ കഴിയും. "ദൈവം സ്നേഹംതന്നെ" എന്നതിനുപകരം "ദൈവം വെറുപ്പു"തന്നെ എന്നോ അല്ലെങ്കിൽ "ദൈവം പകയുള്ളവൻ" എന്നോ അല്ലെങ്കിൽ "ദൈവം ഉദാസീനൻ" എന്നോ ആണ് പറയപ്പെടുകയാണെങ്കിൽ, ദൈവത്തെ സംബന്ധിച്ച ഈ വെളിപ്പാട് നാം വ്യാകുലപ്പെടേണ്ട ഒന്നായി മാറുമായിരുന്നു.

"ദൈവം സ്നേഹംതന്നെ" എന്ന സത്യം ദൈവത്തിന്റെ ഭരണകൂടത്തെയും എല്ലാ സൃഷ്ടികളെയും അവൻ എങ്ങനെ ഭരിക്കുന്നു എന്ന ആശയത്തെ നല്ലവിധം മനസ്സിലാക്കുവാൻ സഹായിക്കുന്നതും ആ സ്നേഹത്തിന്റെ പ്രതിഫലനവുമാണ്. സ്നേഹം പ്രപഞ്ചം മുഴുവനും വ്യാപിക്കുന്നു. ഒരുപക്ഷേ ഭൂ ഗുരുത്വം ചെയ്യുന്നതിനെക്കാളും കൂടുതലായിരിക്കാം. ദൈവം നമ്മെ സ്നേഹിക്കുന്നു; അതിനു പകരമായി നാമും തിരിച്ച് ദൈവത്തെ സ്നേഹിക്കേണ്ടവരാണ്" (ആവ. 6:5; മർക്കൊസ് 12:30).

സ്നേഹം സ്നേഹിക്കപ്പെടേണ്ടതാണെങ്കിലും സൗജന്യമായി നല്കപ്പെടണം. ദൈവത്തിനു സ്നേഹത്തെ നിർബ്ബന്ധിക്കുവാൻ കഴിയുകയില്ല; അവൻ അത് ചെയ്താൽ അത് ഒരിക്കലും സ്നേഹമായിത്തീരുന്നില്ല. അങ്ങനെ ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലും ബുദ്ധിശക്തിയുള്ളതും ചിന്താശക്തിയുള്ളതുമായ അസ്തിത്വങ്ങളെ സ്നേഹിക്കുന്നതിനുള്ള കഴിവോടുകൂടി സൃഷ്ടിച്ചപ്പോൾ, അവർ തിരിച്ച് അവനെ സ്നേഹിക്കാതിരുന്നേക്കാം എന്ന അപകടസാധ്യത എല്ലായ്പോഴും ഉണ്ടായിരുന്നു. ചിലർ അതു ചെയ്തില്ല, അങ്ങനെ നാം അറിയുന്നതുപോലെ വൻപോരാട്ടം ഉണ്ടായി.

**സ്നേഹത്തിൽ ഉൾക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെയും അപകട സാധ്യതയുടെയും പശ്ചാത്തലത്തിൽമാത്രം താഴെ കാണുന്ന വാക്യങ്ങൾ ബുദ്ധികാണിക്കുന്നത് എന്തുകൊണ്ട്? (യെശ. 14:12-14; യെഹെ. 28:12-17; വെളി. 12:7).**

ലൂസിഫർ, സൽഗുണപൂർണ്ണനായ ഒരു ദൈവത്താൽ സൽഗുണപൂർണ്ണനായി സൃഷ്ടിക്കപ്പെട്ടെങ്കിലും അവനിൽ നീതികേട് കാണപ്പെട്ടെന്നു കാണിക്കുന്നതിൽ, പ്രത്യേകിച്ച് യെഹെ. 28:15 ഉൾക്കാഴ്ച തരുന്നു. ആരംഭിക്കുന്നതിന് ആ നീതികേടോടുകൂടി അവൻ സൃഷ്ടിക്കപ്പെട്ടെന്നല്ല. അതിനുപകരം സ്നേഹിക്കുവാനുള്ള കഴിവോടെ സൃഷ്ടിക്കപ്പെട്ടു എന്നതാണ്. ലൂസിഫറിനു യഥാർത്ഥത്തിലുള്ള സാന്മാർഗ്ഗികമായ സ്വാതന്ത്ര്യമുണ്ടായിരുന്നു. സകലവിധ രത്നങ്ങളും അവനെ മൂടിയിരുന്നെങ്കിലും, ഈ ദൂതനു കൂടുതൽ വേണമായിരുന്നു. "സ്വർഗ്ഗത്തിൽ യുദ്ധം" ഉണ്ടാകുന്നതുവരെ ഒന്നു മറ്റൊന്നിലേക്കു നയിച്ചു.

## വീഴ്ചയും ജലപ്രളയവും

ഏതാണ്ട് എല്ലാ സ്കൂൾ വിദ്യാർത്ഥികളും ഐസക് ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീഴുന്ന കഥയെപ്പറ്റി കേട്ടിട്ടുണ്ട്. ന്യൂട്ടൻ ഭൂഗുരുത്വം കണ്ടുപിടിച്ചു. തലയിൽ ആപ്പിൾ യഥാർത്ഥത്തിൽ വീണോ ഇല്ലയോ എന്നതല്ല നിർണ്ണായകമായ വിഷയം. അതിനു പകരം ആപ്പിളിനെ താഴെയിട്ട അതേശക്തി (ഭൂഗുരുത്വം) ചന്ദ്രനെ ഭൂമിക്കുചുറ്റും അതിന്റെ ഭ്രമണപഥത്തിൽ ചുറ്റുവാനും ഭൂമി അതിന്റെ ഭ്രമണപഥത്തിൽ സൂര്യനു ചുറ്റും ചുറ്റുവാനും ഇടയാക്കുന്നത് മനസ്സിലാക്കും (അദ്ദേഹം ഭൂഗുരുത്വം കണ്ടുപിടിച്ചില്ല; നിലത്തു വീഴുന്ന ഏതൊരു വ്യക്തിയും ഭൂഗുരുത്വത്തെപ്പറ്റി അറിഞ്ഞുകഴിയും).

ആകാശഗോളങ്ങളെ നിയന്ത്രിച്ചിരുന്ന നിയമങ്ങൾ ഭൂമിയെ നിയന്ത്രിച്ചിരുന്ന നിയമങ്ങളിൽനിന്നും വ്യത്യസ്തമാണെന്ന് അനേകരും ആയിരക്കണക്കിനു വർഷം വിശ്വസിച്ചിരുന്നതുകൊണ്ട് ഇതു വളരെ പ്രധാനമാണ്. ഈ വിശ്വാസം തെറ്റാണെന്ന് ന്യൂട്ടൻ കാണിച്ചു. ന്യൂട്ടന്റെ സംഭാവന പ്രകൃതിനിയമത്തിന്റെ മേഖലയുമായി ബന്ധപ്പെട്ടതായിരുന്നെങ്കിലും സാന്മാർഗ്ഗികനിയമത്തെ സംബന്ധിച്ചും ഇതേ തത്വം വാസ്തവമാണ്. സ്വർഗ്ഗത്തിൽ ലൂസിഫറിന്റെ വീഴ്ചയിലേക്കു നയിച്ച സ്നേഹത്തിൽ അന്തർലീനമായ അതേ സ്വാതന്ത്ര്യംതന്നെയാണ് ഭൂമിയിൽ മനുഷ്യന്റെ വീഴ്ചയ്ക്കും കാരണമാക്കിയത്!

**വായിക്കുക: ഉല്പത്തി 2:16,17; 3:1–7. കുറവുകളില്ലാത്ത ഒരു ചുറ്റുപാടിൽ കുറ്റമറ്റ ഒരു ദൈവത്താൽ സൃഷ്ടിക്കപ്പെട്ട കുറവുകളില്ലാത്ത മനുഷ്യരെ സംബന്ധിച്ച ഈ വാക്യങ്ങൾ സ്നേഹത്തിൽ അന്തർലീനമായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ശക്തിയേറിയ സത്യത്തെയുംകൂടി വെളിപ്പെടുത്തുന്നത് എങ്ങനെയാണ്?**

വീഴ്ചയ്ക്കുശേഷം, "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത... ദോഷമുള്ളതത്രേ" എന്നും ദൈവം പറയത്തക്കവിധം സംഗതികൾ കൂടുതൽ മോശപ്പെട്ടുകൊണ്ടിരുന്നു (ഉല്പ. 6:5). ലോകത്തെ മുഴുവനും ഒരു ജലപ്രളയത്താൽ ദൈവം നശിപ്പിച്ചതുവരെ അവരുടെ ദുഷ്ടത വളർന്നുകൊണ്ടിരുന്നു. അവരുടെ നിരൂപണങ്ങൾ മോശമായിരുന്നതുപോലെതന്നെയായിരുന്നു അവരുടെ പ്രവൃത്തികളും. ഒരർത്ഥത്തിൽ, ഒരുതരത്തിലുള്ള രണ്ടാംസൃഷ്ടിപ്പെന്നവിധം മാനവകുലത്തിന് ഒരു രണ്ടാം അവസരം നല്കുകയാണ് ചെയ്തത്. എങ്ങനെയായിരുന്നാലും ബാബേൽ ഗോപുരത്തിന്റെ ചരിത്രം കാണിക്കുന്നപ്രകാരം (ഉല്പ. 11:1–9) മാനവകുലം അപ്പോഴും ദൈവത്തോട് ധിക്കരിക്കുവാൻ ഉദ്ദേശിക്കുകയായിരുന്നു. "ഗോപുരത്തിന്റെ പണി ഭാഗികമായി പൂർത്തിയായപ്പോൾ, പണി ചെയ്തവരുടെ വാസസ്ഥലമെന്നവിധം അവർ ഒരു ഭാഗത്തു താമസമായി. മറ്റു മുറികൾ കേമമായി സജ്ജീകരിക്കുകയും അലങ്കരിക്കുകയും ചെയ്തശേഷം അവരുടെ വിഗ്രഹങ്ങൾക്കായി സമർപ്പിച്ചിരുന്നു. ജനം അവരുടെ വിജയത്തിന്മേൽ ആഹ്ലാദിക്കുകയും വെള്ളിയും പൊന്നുംകൊണ്ടുള്ള അവരുടെ ദേവന്മാരെ സ്തുതിക്കുകയും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഭരണാധിപനെതിരെ അവരെത്തന്നെ ഉറപ്പിക്കുകയും ചെയ്തു." EGW ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 119. അതുകൊണ്ട്, അവരുടെ ഭാഷ കലക്കുന്നതുകൂടാതെ, വീഴ്ചഭവിച്ച മാനവകുലത്തെ ഭൂമിയിലുടനീളം ചിതറിക്കുകയും ചെയ്തു.

**ദിവസത്തിലുടനീളമുള്ള നിങ്ങളുടെ ചിന്തകളെ മനസ്സിൽ കുറിച്ചുവയ്ക്കുക. നിങ്ങളുടെ സ്വന്തം ഹൃദയത്തിന്റെ അവസ്ഥയെപ്പറ്റി ഇതു നിങ്ങളെ എന്തു പഠിപ്പിക്കുന്നു?**

## അബ്രാമിന്റെ വിളി

ബാബേലിൽനിന്ന് ചിതറിച്ചതിനെ സംബന്ധിച്ച പരാമർശത്തിനുശേഷം ഉല്പത്തി പതിനൊന്നിലെ വംശാവലിയിൽ ആദ്യമായി അബ്രാം (പിന്നീട് അബ്രാഹാം എന്നു വിളിക്കപ്പെട്ടു) പ്രത്യക്ഷപ്പെടുന്നു.

**വായിക്കുക: ഉല്പത്തി 12:1–3 അബ്രാമിനെ ദൈവം വിളിച്ചു. ഇന്ന് യേശുവിന്റെ മരണത്തിനും സുവിശേഷം പ്രചരിപ്പിച്ചതിനും ശേഷം അബ്രാമിലൂടെ ചെയ്യാമെന്ന് ദൈവം വാഗ്ദത്തം ചെയ്തതിനെ നാം എങ്ങനെ മനസ്സിലാക്കുന്നു?**

അനേക നൂറ്റാണ്ടുകൾക്കുശേഷം, അപ്പൊസ്തലനായ പൗലൊസ് ഗലാത്യരുടെ ദുരുപദേശത്തെ കൈകാര്യം ചെയ്തപ്പോൾ, സുവിശേഷം ലോകത്തിലേക്ക് എന്ന ദൈവത്തിന്റെ ഉദ്ദേശ്യം എല്ലായ്പോഴും ആയിരുന്നതുപോലെ, അവന്റെ പദപ്രയോഗത്തെ കാണിച്ചുകൊണ്ട് അബ്രാഹാമിന്റെ വിളിയെ ചൂണ്ടിക്കാണിച്ചു. "അതുകൊണ്ട് വിശ്വാസികൾ അത്രേ അബ്രാഹാമിന്റെ മക്കൾ എന്ന് അറിവിൻ. എന്നാൽ ദൈവം വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകണ്ടിട്ട്: 'നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രാഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ, വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു" (ഗലാ. 3:7–9).

അബ്രാമിന്റെ വിളി ആദ്യം പരാമർശിക്കപ്പെട്ടത് ഉല്പത്തി 12 ലാണ്. താളം തെറ്റിയ കുടുംബത്തിനു പിന്നാലെ മറ്റൊന്നിനെ ഉണ്ടാക്കിക്കൊണ്ട് പ്രവർത്തനക്ഷമമല്ലാത്ത സന്തതിക്കു പിന്നാലെ മറ്റൊരു സന്തതി. എന്നിരുന്നാലും അന്തിമമായി അവരിലൂടെ വാഗ്ദത്തം നിറവേറപ്പെട്ടു. അങ്ങനെ മോശെയെ വിളിച്ച ഒരു നിർണ്ണായക സമയത്തിലേക്ക് എത്തിച്ചേർന്നു. അങ്ങനെ ഉല്പത്തിയിൽ ശേഷിക്കുന്ന ഭാഗമത്രയും അബ്രാഹാമിന്റെ രക്തവംശങ്ങളുടെ കഥയാണ് കാണപ്പെടുന്നത്.

**രക്തസാക്ഷിയായ സ്തെഫാനൊസിന്റെയും മോശെയുടെയും പുറപ്പാടിന്റെയും ചിത്രീകരണത്തെ അപ്പൊസ്തലപ്രവൃത്തികൾ 7:20–36 വരെയുള്ള വേദഭാഗത്തുനിന്നും വായിക്കുക. അബ്രാഹാമിനോടുള്ള ദൈവത്തിന്റെ ആദ്യവാഗ്ദത്തത്തിൽ ഇതെങ്ങനെ ഒത്തുവരുന്നു?**

അജ്ഞതയിലും തെറ്റിലും സത്യത്തിന്റെ ഒരു പൊതുപരിജ്ഞാനക്കുറവിലും മുങ്ങിപ്പോയ ഒരു ലോകത്ത് (മുവ്വായിരത്തിലധികം വർഷമായിട്ടും സംഗതികൾക്കു മാറ്റമുണ്ടായിട്ടില്ല, അങ്ങനെയല്ലേ?) ദൈവം ഒരു ജനത്തെ, അവന്റെ ജനത്തെ, അബ്രാഹാമിന്റെ സന്തതിയെ മിസ്രയീമിൽനിന്നും വിളിച്ചു. അവരിൽ സത്യത്തിന്റെ പരിജ്ഞാനം അതായത് അവനെ സംബന്ധിച്ച പരിജ്ഞാനം, യഹോവ, രക്ഷാപദ്ധതി എന്നിവ കാത്തുസൂക്ഷിക്കുക മാത്രമല്ല, ലോകത്തിലെല്ലായിടത്തും ഈ പരിജ്ഞാനം എത്തിക്കുകകൂടിയായിരുന്നു അവന്റെ ലക്ഷ്യം.

**ഇന്ന് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ, ലോകവുമായുള്ള ബന്ധത്തിൽ നാം എങ്ങനെയാണ് നമ്മെ കാണുന്നത്? അതായത്, നാമും പുരാതന യിസ്രായേലും തമ്മിൽ എന്ത് സമാനതകളാണ് നിലവിലുള്ളത്? കൂടുതൽ പ്രധാനമായി, ഈ സമാനതകൾ നമ്മുടെമേൽ വ്യക്തിപരമായി എന്ത് ഉത്തരവാദിത്വമാണ് നിക്ഷിപ്തമാക്കുന്നത്?**

## സീനായിയിലെ ഉടമ്പടി

പുറപ്പാടും, മിസ്രയീമിലെ കട്ടിളപ്പടിമേൽ തളിച്ച രക്തവും മുതൽ ചെങ്കടലിലെ നാടകം വരെ, അനിവാര്യമാക്കിത്തീർത്തവയെല്ലാം എന്തൊരു അനുഭവമായിരുന്നു? അതിലൂടെ ജീവിച്ചവരിലെല്ലാം ഇതൊരു മതിപ്പുളവാക്കി എന്നതിൽ ഒരു സംശയവുമില്ല (മിസ്രയീമിലെ ആദ്യജാതൻ മുതൽ ചെങ്കടലിന്റെ അടിത്തട്ടിലെ സൈന്യം വരെ മരിച്ച എല്ലാവരെയും ദൈവം നീതിയോടെ ന്യായം വിധിക്കും). ദൈവം ഇപ്രകാരം പറയുന്നു: "ഞാൻ മിസ്രയീമ്യരോടു... നിങ്ങൾ കണ്ടുവല്ലോ" (പുറ. 19:4).

വാസ്തവത്തിൽ, ഒരു ജാതിയെ മറ്റൊരു ജാതിയുടെ നടുവിൽനിന്ന് എടുക്കുവാൻ, "അല്ലെങ്കിൽ നിങ്ങളുടെ ദൈവമായ യഹോവ മിസ്രയീമിൽവച്ച് നീ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ ഒക്കെയും പരീക്ഷകൾ, അടയാളങ്ങൾ, അത്ഭുതങ്ങൾ, യുദ്ധം, ബലമുള്ള കൈ, നീട്ടിയ ഭുജം, വലിയ അത്ഭുത പ്രവൃത്തികൾ എന്നിവയാൽ ദൈവം ഒരു ജാതിയെ മറ്റൊരു ജാതിയുടെ നടുവിൽനിന്നു തനിക്കായി ചെന്നെടുപ്പാൻ ഉദ്യമിച്ചിട്ടുണ്ടോ" എന്ന് മോശെതന്നെ അവരോടു പറയും വിധം സ്തബ്ധമാക്കുന്നതും നാടകീയവുമായ ഈ വീണ്ടെടുപ്പ് ദൈവം എന്തിനാണ് ചെയ്തത്? (ആവർത്തനം 4:34).

**പുറപ്പാട് 19:4–8 വരെ വായിക്കുക. ദൈവം എന്തിനാണ് ഈ ജനത്തെ മിസ്രയീമിൽനിന്ന് പുറത്തു കൊണ്ടുവന്നത്?**

ഇത് അതുപോലെ അത്ര ലളിതമായിരുന്നു. പിതാക്കന്മാരായ അബ്രാഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും സന്തതികളെ ദൈവം വിളിച്ച് പുറത്തുകൊണ്ടുവന്നു. ഈ സന്തതികളോട് ദൈവം തന്റെ ഉടമ്പടി സ്ഥാപിച്ചു. "നിങ്ങൾ എനിക്കു... ള്ളതല്ലോ" എന്ന് ദൈവം പറഞ്ഞു (പുറ. 19:5). ഈ ബന്ധമായിരുന്നു ഉടമ്പടിയുടെ കേന്ദ്രം.

ഒരു "പ്രത്യേക സമ്പത്ത്" എന്ന ഈ ആശയം എങ്ങനെയായിരുന്നാലും എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടുവാൻ കഴിയും. അവരുടെ ഈ പ്രത്യേകത വരുന്നത് അവർതന്നെ ജന്മസിദ്ധമായി വിശുദ്ധരോ നീതിമാന്മാരോ ആയതുകൊണ്ടല്ല. അതിനുപകരം അത് അവർക്ക് ദൈവകൃപ നല്കപ്പെട്ടതുകൊണ്ടും അവർ അനുസരിച്ചു നടക്കേണ്ടതിന് അവരെ അത്ഭുതസത്യം ഭരമേല്പിക്കുകയും ആത്യന്തികമായി ലോകം മുഴുവനും ഒരു പുരോഹിത രാജത്വമായിരിക്കേണ്ടുന്നതിനുമാണ്.

ദൈവം പിന്നീട് അവർക്ക് ഉടമ്പടിയുടെ ചില നിബന്ധനകളും അതിൽ അവരുടെ പങ്കും പത്തു കല്പനയും കൊടുത്തു (പുറ. 20). അതിനുശേഷം ഈ ഉടമ്പടി സ്ഥിരീകരിക്കപ്പെട്ടു. പുതുതായി പണിത ഒരു യാഗപീഠത്തിന്മേൽ യാഗങ്ങളുടെ രക്തം തളിച്ചു. "അവൻ നിയമപുസ്തകം എടുത്ത് ജനം കേൾക്കെ വായിച്ചു" (പുറ. 24:7). ഞങ്ങൾ അനുസരിച്ചു നടക്കുമെന്ന് ജനം വീണ്ടും പ്രഖ്യാപിച്ചു.

**"മോശെ ന്യായപ്രമാണപ്രകാരം കല്പനയൊക്കെയും സകല ജനത്തോടും പ്രസ്താവിച്ചശേഷം... രക്തത്തെ... പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു. ഇതു ദൈവം നിങ്ങളോടു കല്പിച്ച നിയമത്തിന്റെ രക്തമെന്നു പറഞ്ഞു" (എബ്രാ. 9:19,20). ഈ രക്തം സൂചിപ്പിക്കുന്നത് എന്തിനെയാണ്, ഇന്നു നമുക്കു പോലും ഇതു പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണ്?**

## വിശ്വാസത്യാഗവും ശിക്ഷയും

“യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും” (പുറ. 19:8; 24:3,7 കൂടെ കാണുക). ഓരോ പ്രാവശ്യവും ജനം ഈ വാക്കുകൾ പറഞ്ഞപ്പോഴും അവർ അത് അർത്ഥമാക്കിയിരുന്നു. നിർഭാഗ്യവശാൽ വീണ്ടും വീണ്ടും അവരുടെ പ്രവൃത്തികളും വാക്കുകളും പരസ്പരവിരുദ്ധമായിരുന്നു എന്ന് വിശുദ്ധ ചരിത്രം കാണിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നെങ്കിലും സ്വതന്ത്രമായി അവർ ദൈവവുമായുള്ള ഉടമ്പടിയിൽ പ്രവേശിച്ചെങ്കിലും വാസ്തവത്തിൽ ഒരു കാര്യത്തിലേക്ക് എത്തിച്ചേർന്ന അവരുടെ ഇടപാടിന്റെ അന്ത്യം അവർ കാത്തുസൂക്ഷിച്ചില്ല.

**ഉടമ്പടിയെ സംബന്ധിച്ച് യിസ്രായേലിനുവേണ്ടിയുള്ള നിർണ്ണായക ഘടകമെന്തായിരുന്നു? (പുറ 19:4,5).**

ദൈവത്തെയും അവന്റെ കല്പനകളെയും അനുസരിക്കുവാനുള്ള വിളി ഇന്നത്തേതിനെക്കാളും അന്ന് ഒരിക്കലും ഒരു നിയമസിദ്ധാന്തമായിരുന്നില്ല (മത്തായി 7:24–27; യോഹ. 14:15; യാക്കോബ് 2:20; റോമർ 6:11,12 കാണുക). അവരുടെ ഉടമ്പടിയുടെ അന്ത്യം കാത്തുസൂക്ഷിക്കുവാൻ യിസ്രായേൽ മക്കൾ പലതവണ പരാജയപ്പെട്ടു.

വാസ്തവത്തിൽ, ആരംഭത്തിൽത്തന്നെ സീനായ് മലയുടെ മുമ്പിൽവെച്ച് അവർ വിശ്വാസത്യാഗത്തിന്റെ തിരയിൽപ്പെട്ടുപോയി (പുറ. 32:1–6 കാണുക). ഒഴിവാക്കുന്നതിനെക്കാളുമധികമായി അവർക്ക് അവരുടെ അവിശ്വാസം മാനദണ്ഡമായി തോന്നി. തന്മൂലം വാഗ്ദത്തനാട്ടിൽ പെട്ടെന്നു പ്രവേശിക്കുന്നതിനുപകരം 40 വർഷം അവർ മരുഭൂമിയിൽ അലഞ്ഞു.

**സംഖ്യാപുസ്തകം 14:28–35 വരെ വായിക്കുക. ചെയ്യുവാൻ തക്കവണ്ണം ദൈവം അവരോട് ആവശ്യപ്പെട്ടതിൽ ആശ്രയിക്കുവാനും അനുസരിക്കുവാനും കൂട്ടാക്കാത്തതുകൊണ്ട് അവർ നേരിട്ട ശിക്ഷ എന്തായിരുന്നു?**

അന്നത്തെപ്പോലെതന്നെ ഇപ്പോഴും ഇടയ്ക്കിടെ അനുസരണക്കേട് ഉണ്ടാകുന്നത് വെറും പെട്ടെന്നുണ്ടാകുന്ന വിപ്ലവം കാരണമല്ല (അത് സംഭവിക്കുമെങ്കിലും). എന്നാൽ ദൈവം നമ്മോടു പറയുന്നതിൽ ആശ്രയിക്കുവാൻ പരാജയപ്പെടുന്നതുകൊണ്ടാണ്. “എന്റെ തേജസ്സും മിസ്രയീമിലും മരുഭൂമിയിലുംവെച്ചു ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടുള്ള പുരുഷന്മാർ എല്ലാവരും ഇപ്പോൾ പത്തുപ്രാവശ്യം എന്നെ പരീക്ഷിക്കുകയും എന്റെ വാക്ക് കൂട്ടാക്കാതിരിക്കയും ചെയ്തതുകൊണ്ട്” എന്നു ദൈവംതന്നെ പറഞ്ഞിരിക്കുന്ന വസ്തുതയായിരുന്നു യിസ്രായേലിന്റെ പാപത്തെ കൂടുതൽ ഹീനമാക്കിയത് (സംഖ്യാ. 14:22). അവർ കാണുകയും അനുഭവിക്കുകയും ചെയ്തവയെല്ലാം ഉണ്ടായിരുന്നെങ്കിൽത്തന്നെയും അവർ വിജയിക്കുമെന്ന് ദൈവം വാഗ്ദത്തം കൊടുത്തിരുന്നപ്പോഴും ദൈവത്തെ അനുസരിക്കുവാനും ദേശം കൈവശമാക്കുവാനും അവർ കൂട്ടാക്കിയില്ല (സംഖ്യാപുസ്തകം 13,14).

**മുകളിൽ പറഞ്ഞിരിക്കുന്നവയെപ്പറ്റി ചിന്തിക്കുക: പലപ്പോഴും ദൈവത്തിന്റെ വചനത്തിലുള്ള ആശ്രയക്കുറവിൽ നിന്നുമാണ് അനുസരണക്കേട് ഉണ്ടാകുന്നത്. ഇതു വാസ്തവമായിരിക്കുന്നത് എന്തുകൊണ്ട്, ദൈവത്തിൽ കൂടുതലായി ആശ്രയിക്കുന്നതിന് നമുക്കെങ്ങനെ വാസ്തവത്തിൽ പഠിക്കുവാൻ കഴിയും?**

## കൂടുതൽ പഠനത്തിന്

ദൈവം സ്നേഹം തന്നെ എന്ന ആശയത്തെ അടിസ്ഥാനമാക്കി വൻപോരാട്ട മെന്ന വിഷയത്തിന്മേലുള്ള ആഴവും വളരെ സമുചിതവുമായ പഠനത്തിന് ഒരു സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരൻ എഴുതിയ ജോൺ പെക്കമിന്റെ തിയോഡിസി ഓഫ് ലൗ: പ്രാപഞ്ചിക പോരാട്ടവും തിന്മയെന്ന പ്രശ്നവും എന്ന ഗ്രന്ഥം കാണുക. ഈ വേല സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരുടേതല്ലാത്ത ഒരു പ്രസ്സിൽ പ്രസിദ്ധീക രിച്ചെന്ന വസ്തുത കാണിക്കുന്നത്, തിരുവെഴുത്തുകളിൽ ചിത്രീകരിച്ചിരി ക്കുന്നപ്രകാരം വൻപോരാട്ടത്തിന്റെ യാഥാർത്ഥ്യത്തെ എത്ര നല്ലവിധം വെളിപ്പെടു ത്തുന്നതിന് ബൈബിൾപരമായ പാണ്ഡിത്യത്തിന് കഴിയുമെന്നതിനെയാണ്.

“ചുരുക്കത്തിൽ (ശരിയായി മനസ്സിലാക്കുകയാണെങ്കിൽ) ഒരു പ്രാപഞ്ചിക വിവാ ദത്തിന്റെ മദ്ധ്യേയുള്ളത് ദൈവസ്നേഹമാണെന്നും നിശ്ചയത്തിന്റെ ഉടമ്പടി നിയമ ങ്ങൾ എന്നു ഞാൻ വിളിക്കുന്നതിനുള്ളിൽ സാധ്യമാകുന്ന ദിവ്യനടത്തിപ്പ് മനസ്സി ലാക്കുന്നതിനുവേണ്ടി പ്രധാന ശാഖകളായി പിരിയുന്നതോടൊപ്പം ദൈവം തിന്മ അനുവദിക്കുന്നതിന് മതിയായ ഒരു ധാർമിക കാരണത്തെ സ്നേഹിക്കുന്നതിനുള്ള ദൈവത്തിന്റെ പ്രതിബദ്ധത പ്രദാനം ചെയ്യുന്നു.” John C. Peckham, Theodicy of Love: Cosmic Conflict and the Problem of Evil (Grand Rapids, MI Baker Academic, 2018, p.4.

“നാല്പതു വർഷത്തേക്കു യിസ്രായേൽമക്കൾ കനാനിൽ പ്രവേശിക്കുകയില്ല എന്ന ദൈവനിശ്ചയം മോശെയ്ക്കും അഹരോനും യോശുവയ്ക്കും കാലേബിനും കയ്പേറിയ നിരാശയായിത്തീർന്നു. എന്നിരുന്നാലും ഒരു പരാതിയും കൂടാതെ അവർ ദിവ്യതീരുമാനത്തെ സ്വീകരിച്ചു. എന്നാൽ തങ്ങളോടുള്ള ദൈവത്തിന്റെ ഇടപെടലി നെക്കുറിച്ചു പരാതിപ്പെടുകയും മിസ്രയീമിലേക്കു മടങ്ങിപ്പോകണമെന്ന് ആവശ്യ പ്പെടുകയും ചെയ്തവർ നിന്ദിച്ചുതള്ളിയ അനുഗ്രഹത്തെ തങ്ങളിൽനിന്ന് എടുത്തു മാറ്റിയപ്പോൾ അവർ അതിഭയങ്കരമായി കരയുകയും ദുഃഖിക്കുകയും ചെയ്തു. കാര ണമില്ലാതെ അവർ പരാതിപ്പെട്ടു, എന്നാൽ ഇപ്പോൾ കരയുവാൻ ദൈവം അവർക്കു കാരണം നല്കി. അവരുടെ മുമ്പിൽ വിശ്വസ്തതയോടെ പാപത്തെ നിരത്തിവെച്ച പ്പോൾ കരഞ്ഞിരുന്നെങ്കിൽ, ഇപ്രകാരം ഒരു ന്യായവിധി പ്രഖ്യാപിക്കപ്പെടുകയില്ലാ യിരുന്നു; എന്നാൽ അവർ വിലപിച്ചത് ന്യായവിധിയെ ഓർത്തായിരുന്നു; അവരുടെ ദുഃഖം പശ്ചാത്താപമായിരുന്നില്ല, അതുനിമിത്തം ന്യായവിധിയെ ഇല്ലായ്മ ചെയ്യു വാൻ കഴിഞ്ഞില്ല.” Ellen G. White, Patriachs and Prophets, p. 392.

## ചർച്ചാചോദ്യങ്ങൾ

1. **സൗജന്യ ഇച്ഛയെയും സ്നേഹത്തെയുംപറ്റി ചർച്ച ചെയ്യുക. സ്നേഹത്തെയും സ്നേഹം ആയിരിക്കുന്നതി നെയും എന്തുകൊണ്ട് സൗജന്യമായി കൊടുക്കണം? ഈ ലോകത്തിലെ സകല കഷ്ടവും അനുഭവിച്ചതിനു ശേഷം സ്നേഹം അതിനു വിലയായില്ല എന്ന് ഒരുവൻ വാദിച്ചേക്കാം. ആ വെല്ലുവിളിക്ക് നിങ്ങൾ എങ്ങനെ ഉത്തരം കൊടുക്കും?**
2. **അനുസരണം ബൈബിളിലുടനീളം അത്രയ്ക്കു കേന്ദ്രീകരിച്ചിരിക്കുകയാണെങ്കിൽ നിയമസിദ്ധാന്തം എന്താണ്? ദൈവത്തോടും അവന്റെ വചനത്തോടും കല്പനകളോടും വിശ്വസ്തത കാണിക്കുന്നതിന് നിയ**

മസിദ്ധാന്തത്തിന്റെ കെണിയുടെ കപടോപായത്തിലേക്കുള്ള ഒരു ഉദ്യമത്തിലേക്കു തിരിക്കുവാൻ എന്തു വസ്തുതകൾക്കു കഴിയും?

3. പുരാതന യിസ്രായേലും സെവന്ത് ഡേ അഡ്വന്റിസ്റ്റു സഭയും തമ്മിലുള്ള സമാനതകളെ സംബന്ധിച്ച് ചൊവ്വാഴ്ചത്തെ പഠനഭാഗത്തിന്റെ അവസാനം ചോദിക്കപ്പെട്ടിരിക്കുന്ന ചോദ്യത്തെ ക്ലാസ്സിൽ ചർച്ച ചെയ്യുക. ആ സമാനതകൾ എന്തൊക്കെയാണ്. നാം എന്തുകൊണ്ട് അവയെ സംബന്ധിച്ച് കരുതലുള്ളവരായിരിക്കണം?